പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**പി.എം.ജി.എസ്.വൈ. പദ്ധതി**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2951

21.06.2013 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | കരാറുകാർ ഏറ്റെടുക്കാത്ത പി.എം.ജി. എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അഞ്ചാം ഘട്ടം മുതൽ ഏഴാം ഘട്ടം വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ പ്രകാരം അനുമതി ലഭിച്ച അഞ്ചാം ഘട്ടം മുതൽ ഏഴാം ഘട്ടം വരെയുള്ള പ്രവർത്തികൾ നിരവധി തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവർത്തികൾ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി റീ-ടെണ്ടർ ചെയ്തു. ടി പ്രവർത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 42% ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. കരാറുകാരുമായി നെഗോസിയേറ്റ് ക്വട്ടേഷൻ പ്രകാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഘട്ടത്തിൽ അനുവദിച്ച പ്രവൃത്തികളുടെ തുക ലാപ്സായോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഫേസ് - Vമുതൽ ഫേസ് VII വരെ അനുവദിച്ച റോഡുകളിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത വർക്കുകൾ ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് പ്രസ്തുത റോഡുകൾ ഈ പദ്ധതിയിൽ നിന്ന് ഉപേക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 494 കി.മീ ദൈർഘ്യം വരുന്ന 226 റോഡുകൾ പദ്ധതിയിൽ നിന്നും ഉപേക്ഷിക്കുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും 364.28 കി.മീ ദൈർഘ്യം വരുന്ന 158 റോഡുകൾ ഉപേക്ഷിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ